# ശ്രീ പദ്മനാഭസ്വാമിക്ഷേത്രത്തിലെ പത്മതീര്‍ത്ഥക്കുളം

Posted on mathrubhumi: 09 Jul 2011



തിരുവനന്തപുരം നഗരത്തിന്‍റെ തിലകക്കുറിയായ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രം ഈസ്റ്റ് ഫോര്‍ട്ടിന് സമീപമാണ് സ്ഥിതിചെയ്യുന്നത്. തിരുവനന്തപുരം റെയില്‍വെ സ്റ്റേഷനില്‍നിന്നും ബസ് സ്‌റ്റേഷനില്‍നിന്നും ഒരു കിലോമീറ്റര്‍ യാത്രചെയ്തും വിമാനത്താവളത്തില്‍നിന്ന് ഏഴു കിലോമീറ്റര്‍ യാത്രചെയ്തും ക്ഷേത്രത്തിലെത്താം. ക്ഷേത്രത്തിന്‍റെ നിലവറകളില്‍ സൂക്ഷിച്ചിരുന്ന ഒരുലക്ഷം കോടിയിലേറെ വിലരുന്ന നിധിശേഖരം സുപ്രീം കോടതി നിയോഗിച്ച ഏഴംഗ സമിതി കണ്ടെത്തിയതോടെ പദ്മനാഭസ്വാമി ക്ഷേത്രം ലോക ശ്രദ്ധനേടി. ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ ഹിന്ദുക്ഷേത്രമായി ഇതോടെ പദ്മനാഭസ്വാമി ക്ഷേത്രം മാറി. പത്മതീര്‍ത്ഥ കുളത്തിന് സമീപമാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

## [പത്മതീര്‍ത്ഥക്കുളത്തിന്‍റെ വെര്‍ച്ചല്‍ ടൂര്‍ കാണാന്‍ ഇവിടെ ക്ലിക്ക് ചെയ്യുക]

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്‍റെ ഐതിഹ്യം കുട്ടികള്‍ക്കു പോലും അറിയാം. എന്നാല്‍ ഇതിന്‍റെ യഥാര്‍ഥ ചരിത്രം ഇന്ന് ഇരുള്‍ മൂടിക്കിടക്കുന്നു. ക്രിസ്തുവര്‍ഷത്തിന്‍റെ ആദ്യ നൂറ്റാണ്ടുകളില്‍ (കാലത്തെപ്പറ്റി തര്‍ക്കം ഉണ്ട്) പാണ്ഡ്യരാജാക്കന്മാരുടെ തലസ്ഥാനമായിരുന്ന മധുര കേന്ദ്രമായി നിലനിന്നിരുന്ന 'സംഘം' എന്ന കവിസദസ് അംഗീകരിച്ച കൃതികളില്‍ നിന്നാണ് കേരളത്തിന്‍റെ ആദ്യകാലചരിത്രം ലഭിക്കുന്നത്. ഇതുപ്രകാരം തെക്ക് ആയ്‌രാജാക്കന്മാരും വടക്ക് ഏഴിമല രാജാക്കന്മാരും മധ്യഭാഗം ചേര രാജാക്കന്മാരും ആണ് കേരളം ഭരിച്ചിരുന്നത്. ആയ് രാജാക്കന്മാരുടെ വക ആയിരുന്നു ശ്രീപദ്മനാഭസ്വാമി ക്ഷേത്രം.

എ. ഡി. 10ാം നൂറ്റാണ്ടോടുകൂടി ആയ്‌രാജവംശം തകരുകയും 'വേണാട്' എന്ന രാജ്യം ഉണ്ടാവുകയും ചെയ്തതായി പറയുന്നു.

ഇംഗ്ലീഷുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും കച്ചവട താല്പര്യത്തോടെ കരുക്കള് നീക്കുകയും ചെയ്യുമ്പോഴാണ് അനിഴം തിരുനാള് മാര്ത്താണ്ഡവര്മ്മ വേണാട്ടില് പുതിയ ഭരണാധികാരിയാകുന്നത്. വിശാലമായ തിരുവിതാം കൂറിന്റെ ശില്പിയായ അദ്ദേഹമാണ് ശ്രീപദ്മനാഭ സ്വാമി ക്ഷേത്രം ഇന്നത്തെ നിലയില് പരിഷ്കരിച്ചത്. 'തൃപ്പടിദാനം' എന്ന ചടങ്ങുവഴി മാര്ത്താണ്ഡവര്മ്മ തന്റെ രാജ്യം ശ്രീപദ്മനാഭന് സമര്പ്പിച്ച് ശ്രീപദ്മനാഭ ദാസനായി മാറി. അതോടെ ഈ ക്ഷേത്രം തിരുവിതാംകൂറിന്റെ ഭരണഘടന പോലെയായി മാറി. മാര്ത്താണ്ഡവര്മ്മ മുതല് അവസാനം ഭരിച്ച ശ്രീചിത്തിര തിരുനാള് ബാലരാമവര്മ്മ രാജാവ് വരെ ഈ ക്ഷേത്രത്തെ മുന്നിര്ത്തിയാണ് അതായത് ശ്രീപദ്മനാഭന്റെ പ്രതിനിധിയായിട്ടാണ് രാജ്യം ഭരിച്ചത്. ഇവിടത്തെ ചടങ്ങുകള് പല പ്രാവശ്യവും ഇംഗ്ലീഷ് സര്ക്കാരിന് തലവേദന സൃഷ്ടിച്ചിട്ടുണ്ട്. എന്നാല് അവയില് ഒന്നും മാറ്റാന് ഒരു രാജാവും തയ്യാറായില്ല.

മാര്ത്താണ്ഡവര്മ്മ മഹാരാജാവ് ശ്രീപദ്മനാഭന് സമര്പ്പിച്ച രാജ്യം എങ്ങനെയാണ് താന് മറ്റൊരു രാജ്യത്തോട് ലയിപ്പിക്കുന്നതിന് വിളംബരം നടത്തുന്നതെന്ന് തിരുകൊച്ചി സംയോജന കാലത്ത് ശ്രീചിത്തിര തിരുനാള് മഹാരാജാവ് സംശയം ഉയര്ത്തിയിരുന്നു. അതുകൊണ്ട് പ്രഖ്യാപനത്തിന് പകരം സംഭവത്തെ അനുകൂലിച്ചുകൊണ്ട് കത്ത് നല്കാനും ലയന സമയത്ത് ചീഫ് ജസ്റ്റിസ് രാജാവിന് പകരം അത് വായിക്കാനും ഇന്ത്യാ ഗവണ്മെന്റ് നിര്ദേശിച്ചു. അത് മഹാരാജാവ് സമ്മതിച്ചു. അങ്ങനെ തിരുവിതാംകൂര് മഹാരാജാക്കന്മാര്ക്ക് വൈകാരികമായി വളരെ ബന്ധമുള്ളതാണ് ശ്രീപദ്മനാഭസ്വാമി ക്ഷേത്രം. കാലം കടന്നുപോകുന്തോറും ഈ ക്ഷേത്രം പുതിയ പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുമെന്ന കാര്യത്തില് സംശയമില്ല.

## Padamatheerthakulam Virtual Tour